# ചമ്പാട് എൽ പി സ്കൂൾ

# അക്കാദമിക് മാസ്റ്റർ പ്ലാൻ
# 2025- 2026

# അവസ്ഥാ വിശകലനം

1902 ൽ സ്ഥാപിതമായ ചമ്പാട് എൽ.പി.സ്കൂൾ പാഠ്യ പാഠ്യേതര വിഷയങ്ങളിൽ മികവ് പുലർത്തുന്ന വിദ്യാലയമാണ്. മീത്തലെ ചമ്പാട് കവലയിൽ പ്രധാന റോഡിന് അരികിലായിട്ടാണ് നമ്മുടെ വിദ്യാലയം, PRE - KER Building ൽ ആണ് പ്രവർത്തിക്കുന്നത്. നിലം ടൈൽസ് പാകിയതും മുറ്റം ഇന്റർലോക്ക് ചെയ്തിട്ടുമുണ്ട്. നല്ല വൃത്തിയുള്ള ബാത്ത്റൂമുകൾ ഉണ്ട്. ശിശു സൗഹൃദപരമായ ബഞ്ചുകളും ഡസ്കുകളും ആവശ്യാനു-സരണം ഉണ്ടെങ്കിലും രണ്ട് ക്ലാസുകളിലും കൂടി ഡസ്കുകളുടെ ആവശ്യം ഉണ്ട്. കെട്ടുറപ്പുള്ള ചുറ്റുമതിൽ നമ്മുടെ സ്കൂളിന് ഉണ്ട്.

PRE - KER Building ൽ പ്രവർത്തിക്കുന്നതിനാൽ അതിന്റേതായ പരിമിതികൾ നമുക്ക് ധാരാളമുണ്ട്. കുട്ടികൾ ക്ലാസ്റൂമിൽ നിർമ്മിക്കുന്ന, ഉൽപന്നങ്ങൾ സൂക്ഷിക്കാനോ പ്രദർശിപ്പിക്കാനോ ഉള്ള സൗകര്യങ്ങൾ ക്ലാസ്മുറികളിൽ ഇല്ല. ക്ലാസ്റൂമിൽ ലൈബ്രറി പുസ്തകങ്ങൾ സൂക്ഷിക്കാനുള്ള Rack ഉണ്ടെങ്കിലും സ്കൂൾ ലൈബ്രറി പുസ്തകങ്ങൾ സൂക്ഷിക്കാനുള്ള നല്ലൊരു ഇടമില്ല. ശാസ്ത്ര പരീക്ഷണങ്ങൾ നടത്താനാവശ്യമായ ഉപകരണങ്ങളോ അവ സൂക്ഷിക്കനുള്ള ലാബോ ഇല്ല. കുട്ടികൾക്ക് കളിപ്പെട്ടി എന്ന IT പാഠപുസ്തകങ്ങൾ പരിശീലിക്കാനുള്ള IT സൗകര്യം സ്കൂളിൽ ലഭ്യമല്ല. സ്വന്തമായ കളിസ്ഥലമോ വാഹന സൗകര്യമോ ഇല്ല..

## ലക്ഷ്യം

- ഒന്ന് മുതൽ നാല് വരെയുള്ള എല്ലാ കുട്ടികളെയും അതതു ക്ലാസിന്റെ നിലവാരത്തിനനുസരിച്ച് എഴുതാനും വായിക്കാനും പ്രാപ്തരാക്കുക.
- കുട്ടികളെ പേടി കൂടാതെ ഇംഗ്ലീഷ് സംസാരിക്കാൻ പ്രാപ്തരാക്കാൻ communicative english class കൾ
- എല്ലാ കുട്ടികൾക്കും ചതുഷ്ക്രിയകൾ ചെയ്യാൻ പറ്റുന്ന നിലവാരത്തിലെത്തിക്കാൻ ആവശ്യമായ ഗണിത ശിൽപശാലകൾ നടത്തുന്നു.
- ഭാഷാ ക്യാമ്പ് – മലയാളം, ഇംഗ്ലീഷ്.
- Walk with Arabic, വായനാ കാർഡുകൾ

## പ്രവർത്തനങ്ങൾ

- വർക്ക് ഷീറ്റ് നിർമ്മാണം – ജൂലൈ
- വായനാ കാർഡ് നിർമ്മാണം – ജൂലൈ
- കാർഡ് ഉപയോഗിച്ചുള്ള പ്രവർത്തനങ്ങൾ ( ജൂലൈ മുതൽ മാർച്ച് വരെ)
- മധുരം മലയാളം – പിന്നോക്കകാർക്ക് – ( ജൂലൈ മുതൽ ഫെബ്രുവരി വരെ)

- Communicative English Class
- Reading Cards
- English Camp
- English Fest
- ഗണിത ക്യാമ്പ്, ഗണിത ക്ലാസ്സ് – ഓരോ ടേമിലും ഒന്ന് വീതം
- ഭാഷയുമായി ബന്ധപ്പെട്ട് ക്യാമ്പുകൾ, ശിൽപശാലകൾ
- Reading card നിർമ്മാണം, ശേഖരണം
- സംയുക്തവായന
- ചിത്രകഥാ നിർമ്മാണം
- വായനാ ഫെസ്റ്റ്

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ്സ് - I

## മലയാളം

### ലക്ഷ്യങ്ങൾ

- ഒന്നാം ക്ലാസിലെ എല്ലാ കുട്ടികളെയും എഴുതാനും, വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക.
- എല്ലാ കുട്ടികളെയും ലളിതമായ ബാലസാഹിത്യ കൃതികൾ വായിച്ച് ആശയം പങ്കിടാൻ കഴിവുള്ളവരാക്കുക.
- സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ ലഘുവാക്യങ്ങളിൽ എഴുതുന്നതിനുള്ള കഴിവ് നേടുക.
- പലതരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തിയെടുക്കുന്നു.
- ലളിതമായ വായനാ കാർഡുകൾ നിർമ്മിക്കുന്നു, വായിക്കുന്നു.
- പത്രം തയ്യാറാക്കുന്നു.
- സ്വന്തമായി ഡയറി എഴുതുന്നു.

### പ്രവർത്തനങ്ങൾ

- ചിത്രവായന
- വിവിധതരം ചിത്രങ്ങൾ കാണിച്ച് വായനയ്ക്ക് കുട്ടികളെ പ്രാപ്തരാക്കുക.
- വായനാമൂല ഒരുക്കൽ
- പത്രവായന
- വായനാകാർഡ് തയ്യാറാക്കൽ
- ചിത്രങ്ങൾ നോക്കി അവയുടെ പേര് എഴുതുന്നു.
- ചിത്രബുക്ക്
- സംയുക്ത ഡയറി എഴുത്ത്
- ആവർത്തിച്ച് വരുന്ന അക്ഷരം കണ്ടെത്തുന്നു. ആ അക്ഷരം എഴുതുന്നു.
- ആവർത്തിച്ച് വരുന്ന പദങ്ങൾ കണ്ടെത്തുന്നു. എഴുതുന്നു.
- സാങ്കൽപിക ഡയറി എഴുതുന്നു.
- വരികൾ കൂട്ടിച്ചേർക്കുന്നു.
- ചിത്രത്തിൽ നിന്ന് കഥ നിർമ്മിക്കുന്നു.
- സ്വന്തമായി പതിപ്പ് ഉണ്ടാക്കുന്നു.

# ഗണിതം

## ലക്ഷ്യങ്ങൾ

- ഒന്നുമുതൽ അഞ്ച് വരെയുള്ള സംഖ്യകൾ തിരിച്ചറിയുന്നു, എഴുതുന്നു.
- അഞ്ച് വരെയുള്ള എണ്ണത്തെ പകുതി, തുല്യം, കൂടുതൽ, കുറവ് എന്നിങ്ങനെ വിശദീകരിക്കുന്നു.
- 1 മുതൽ 20 വരെയുള്ള സംഖ്യകൾ എഴുതുകയും വായിക്കുകയും ചെയ്യുന്നു.

## പ്രവർത്തനങ്ങൾ

- സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ
- ഗണിത പഠനത്തിന് സഹായകമായ തരത്തിൽ വസ്തുക്കൾ ഉപയോഗിച്ച് ഗണിത കിറ്റ് തയ്യാറാക്കുന്നു.
- വലിയാ സംഖ്യാ ചെറിയാ സംഖ്യാ തിരിച്ചറിയൽ പ്രവർത്തനം
- സംഖ്യാ ഗാനങ്ങൾ ആസ്വദിക്കൽ
- രണ്ടക്ക സംഖ്യകൾ തമ്മിൽ സങ്കലനക്രിയകൾ നടത്തുന്നു.
- ഒന്നിനോടൊന്നു കൂട്ടിയാൽ മറ്റൊരു സംഖ്യ കിട്ടും.
- ഒന്നിടവിട്ട സംഖ്യകൾ ഒറ്റ സംഖ്യാ ഇരട്ട സംഖ്യാ എന്ന തിരിച്ചറിവ് ഉണ്ടാക്കൽ
- സംഖ്യാ ഗാനങ്ങൾ പാടുന്നു, ശേഖരിക്കുന്നു.
- ഗണിത പ്രവർത്തനങ്ങൾ ആസ്വാദകരമാക്കുന്നു.
- സംഖ്യകളെ സുന്ദരിയാക്കൽ
- My number book തയ്യാറാക്കൽ
- സംഖ്യകളുടെ വ്യവകലന പ്രവർത്തനങ്ങൾ
  10-1, 10-2, 10-3, .....
- സങ്കലനം, വ്യവകലനം എന്നീ ചിഹ്നങ്ങൾ തിരിച്ചറിവ് നേടുന്നു.
- സംഖ്യകളുടെ പകുതി, തുല്യം തിരിച്ചറിയുന്നു.

# പരിസര പഠനം

## ലക്ഷ്യങ്ങൾ

- ചെടികൾ നിരീക്ഷിച്ച് പൂക്കളിൽ നിരവധി വ്യത്യസ്തതകൾ ഉണ്ടെന്ന് കണ്ടെത്തുന്നു.
- വിവിധതരം സസ്യങ്ങൾ (വലിയ മരങ്ങൾ, ചെറിയ ചെടികൾ, പൂക്കുന്നവ, പൂക്കാത്തവ) കണ്ടെത്തി പട്ടികപ്പെടുത്തുന്നു.
- സസ്യങ്ങൾക്ക് വേര്, തണ്ട്, ഇല, പൂവ്, കായ, തുടങ്ങിയ ഭഗങ്ങൾ ഉണ്ടെന്ന് നിരീക്ഷിച്ച് കണ്ടെത്തുന്നു.
- പൂക്കളുടെ സാമ്യവ്യത്യാസങ്ങൾ (നിറം, ഇതളുകളുടെ എണ്ണം, പ്രയോജനം, ചെറുത്, വലുത്) പട്ടികപ്പെടുത്തുന്നു.
- നിറം, രുചി, ആകൃതി, മണം, വലിപ്പം എന്നിവയിൽ പഴങ്ങൾ വ്യത്യസ്തമാണെന്ന് കണ്ടെത്തുന്നു.
- പഴങ്ങൾ കഴിക്കുന്നത് ആരോഗ്യത്തിന് നല്ലതാണെന്ന് മനസ്സിലാക്കുന്നു.

## പ്രവർത്തനങ്ങൾ

- പ്രകൃതി നടത്തം
- ചുറ്റുപാടുമുള്ള മരങ്ങൾ ചെടികൾ നിരീക്ഷിക്കുന്നു.
- പലതരത്തിലുള്ള പൂക്കൾ പരിചയപ്പെടുന്നു.
- സ്കൂളിൽ പൂന്തോട്ടം
- ചെടികൾ നിരീക്ഷിച്ച് അവയുടെ ഭാഗങ്ങൾ കണ്ടെത്തുന്നു.
- പഴങ്ങൾ, പച്ചക്കറികൾ, കിഴങ്ങുകൾ, പൂക്കൾ, പ്രദർശനം
- ഓരോന്നിന്റെയും ഏത് ഭാഗമാണ് ഭക്ഷണയോഗ്യമായത് എന്ന് കണ്ടെത്തുന്നു.
- രക്ഷിതാവിന്റെ സഹായത്തോടെ അടുക്കളത്തോട്ടം നിർമ്മിക്കുന്നു.

# ENGLISH

## AIM

- To speak, read and write English without any mistakes

## ACTIVITIES

- To devolve listening skills and reading skills.
- Description, growing sentences.
- Picture reading riddle, quiz
- Find words from reading meterials
- Rhyming words
- Descriting words from TB
- word web
- Picture description
- Story telling, Riddles, Conversations

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ്സ് - II

## മലയാളം

### ലക്ഷ്യങ്ങൾ

- രണ്ടാം ക്ലാസ്സിലെ എല്ലാ കുട്ടികളെയും നല്ല വായനയിലേക്ക് എത്തിക്കുക.
- അക്ഷരതെറ്റില്ലാതെയും, ചിഹനങ്ങൾ വിട്ട് പോകാതെയും, വൃത്തിയോടുകൂടിയും എഴുതുന്നതിലേക്ക് കുട്ടികളെ എത്തിക്കുക.
- സ്വന്തം ആശയങ്ങൾ മറ്റുള്ളവരുടെ സഹായമില്ലാതെ തന്നെ ലഘു വാക്യങ്ങളിൽ എഴുതുന്നതിനുള്ള കഴിവ് നേടുക
- പലതരത്തിലുള്ള പതിപ്പുകൾ രൂപപ്പെടുത്തിയെടുക്കുന്നു.
- പത്രവാർത്ത എഴുതുന്നു. പത്രം തയ്യാറാക്കുന്നു.
- സ്വന്തമായി ഡയറി എഴുതുന്നു.

## പ്രവർത്തനങ്ങൾ

- പുസ്തക വായന, പത്ര വായന
- വായനാമൂല ഒരുക്കൽ
- വായനാകാർഡ് തയ്യാറാക്കൽ
- സചിത്ര ബുക്ക്
- ഡയറി എഴുതത്
- പുതിയ പദങ്ങൾ കണ്ടെത്തുന്നു, എഴുതുന്നു.
- ചിത്രത്തിൽ നിന്ന് കഥ നിർമ്മിക്കുന്നു.
- സ്വന്തമായി പതിപ്പ് ഉണ്ടാക്കുന്നു.
- സാങ്കൽപിക ഡയറി എഴുതുന്നു.

# ഗണിതം

## ലക്ഷ്യങ്ങൾ

- സംഖ്യാബോധം ഉണ്ടാക്കുന്നു.
- രണ്ടക്ക സംഖ്യകൾ തമ്മിലുള്ള സങ്കലനവും വ്യവകലനവും ഉറപ്പിക്കുന്നു.
- സംഖ്യകളെ എഴുതാനും വായിക്കാനും കഴിയണം
- രൂപങ്ങൾ തിരിച്ചറിയുന്നു.

## പ്രവർത്തനങ്ങൾ

- സംഖ്യകൾ തിരിച്ചറിഞ്ഞ് പറയുന്നു.
- സംഖ്യകളെ ആരോഹണ – അവരോഹണ ക്രമത്തിൽ എഴുതൽ
- രണ്ടക്ക സംഖ്യകൾ തമ്മിലുള്ള സങ്കലന – വ്യവകലന പ്രവർത്തനങ്ങൾ ചെയ്യുന്നു.
- സംഖ്യാ കാർഡ് നിർമ്മിക്കൽ
- ഗണിത പ്രവർത്തനങ്ങൾ ആസ്വാദകരമാക്കുന്നു.
- സംഖ്യാ ഗാനങ്ങൾ ശേഖരിക്കുന്നു.
- ഗണിത ക്യാമ്പ് – ഗണിത പ്രവർത്തനങ്ങൾ കളിയിലൂടെ
- ജ്യാമിതീയ രൂപങ്ങളുടെ നിർമ്മാണം.

# പരിസര പഠനം

## ലക്ഷ്യങ്ങൾ

- പ്രകൃതിയെ അറിയൽ
- നാടറിയാൻ – നാട്ടറിവുകൾ
- നിരീക്ഷണം – അറിവു നിർമ്മാണം
- ശുചിത്വ ബോധമുള്ള വ്യക്തിത്വവും സമൂഹവും സൃഷ്ടിക്കുന്നതിന്.

## പ്രവർത്തനങ്ങൾ

- പ്രകൃതി നടത്തം
- സസ്യങ്ങളുടെ എല്ലാ ഭാഗവും നിരീക്ഷിക്കൽ
- പൂന്തോട്ട നിർമ്മാണം
- കർഷകരുമായി അഭിമുഖം
- കൃഷി ചെയ്യുക
- പോസ്റ്റർ
- രചന
- ശുചിത്വ സർവ്വേ

# ENGLISH

## AIM

To speak, read and write English without any mistakes
To write a poem
To write a story

## ACTIVITIES

- Reading cards
- Reading small books
- Picture reading
- Story from picture
- Description, growing sentences
- Story telling
- Conversation
- Skit
- Listen to the poems and write a poem

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ്സ് - III

## മലയാളം

### ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളെയും എഴുതാനും, വായിക്കാനുമുള്ള ശേഷിയുള്ളവരാക്കുക.
- കവിതകളും, നാടൻ പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കുന്നതിന്.
- രചനകൾ ഭാവാത്മകമായി വായിക്കാൻ കഴിവുള്ളവരാക്കുക.
- ലഘുവായ സർഗാത്മക രചനകൾ നടത്താൻ പ്രാപ്തരാക്കുന്നു. (കഥ, കവിത. ഡയറി, ചിത്രം)
- ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി അവതരിപ്പിക്കാൻ കഴിയുന്നു.

### പ്രവർത്തനങ്ങൾ

- മധുരം മലയാളം
- ഡയറി എഴുത്ത് – വായന
- പത്രവായന – ക്ലാസ് പത്രം
- നാടൻപാട്ട് ശിൽപശാല
- പഴഞ്ചൊൽ ശേഖരണം – ആശയം (ചർച്ച)
- പതിപ്പ് നിർമ്മാണം – റീഡേർസ് തിയേറ്റർ

## ENGLISH

- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് എഴുതാനും വായിക്കാനും കഴിയണം
- സ്വന്തമായി ലഘു വാക്യങ്ങൾ എഴുതാനും ചിത്രീകരിക്കാനും
- ചിത്രത്തെ ആസ്പദമാക്കി കഥകൾ എഴുതൽ
- സ്വന്തമായ ആശയങ്ങൾ മറ്റുള്ളവരോട് ഇംഗ്ലീഷ് ഭാഷയിലൂടെ പങ്ക് വെക്കാൻ

## പ്രവർത്തനങ്ങൾ

- Reading card നിർമ്മാണം
- Read small books
- Picture reading
- Play games to communicate fluently
- Skit
- Riddle making
- Story from pictures
- Making magazine.

## ഗണിതം

- ഗണിതത്തിൽ താൽപര്യം ഉണ്ടാക്കുക.
- മൂന്നക്ക സംഖ്യകളുടെ സംഖ്യാബോധം
- ചതുഷ്ക്രിയകൾ ഉറപ്പിക്കൽ

## പ്രവർത്തനങ്ങൾ

- പഠനോപകരണങ്ങളുടെ സഹായത്തോടെ മൂന്നക്ക സംഖ്യകൾ ഉറപ്പിക്കുന്നു.
- കളികളിലൂടെയും ഗണിത ക്ലാസ്സിലൂടെയും കുട്ടിയെ മികവിലെത്തിക്കുന്നു.

## പരിസര പഠനം

- ശാസ്ത്ര ബോധം വളർത്തുക
- പൂന്തോട്ട നിർമ്മാണം
- പഠന യാത്രകൾ

## പ്രവർത്തനങ്ങൾ

- ലഘു പരീക്ഷണശാല ശിൽപശാല - പരീക്ഷണക്കുറിപ്പ്
- ശാസ്ത്ര ക്യാമ്പ്
- ഫീൽഡ് ട്രിപ്പ് നടത്തി നിരീക്ഷണക്കുറിപ്പ്
- നിഗമന രൂപീകരണം നടത്തൽ

# അക്കാദമിക മാസ്റ്റർ പ്ലാൻ

## ക്ലാസ്സ് - IV

## മലയാളം

### ലക്ഷ്യങ്ങൾ

- എല്ലാ കുട്ടികളേയും എഴുതാനും വായിക്കാനും ശേഷിയുള്ളവരാക്കുക
- കവിതകളും പാട്ടുകളും ആശയ വ്യക്തതയോടെ താളാത്മകമായി ചൊല്ലി അവതരിപ്പിക്കുന്നു.
- സർഗ്ഗാത്മകമായ രചനകൾ നടത്താൻ (കഥ, കവിത, ചിത്രം, ഡയറി, ആസ്വാദന ക്കുറിപ്പ്) പ്രാപ്തരാക്കുന്നു.
- ലളിതമായ ആശയങ്ങൾ വ്യക്തതയോടെ എഴുതി ആവിഷ്കരിക്കുന്നു.
  വായന പ്രോത്സാഹിപ്പിക്കൽ.

### പ്രവർത്തനങ്ങൾ

- ധാരാളം കഥകളും കവിതകളും വായിക്കാനും കേൾക്കാനുമുള്ള അവസരം ഒരുക്കുന്നു.
- ആസ്വാദനകുറിപ്പ് തയ്യാറാക്കാനുള്ള മാതൃകകൾ നൽകുന്നു.
- കഥ, കവിത, ശിൽപശാലകൾ സംഘടിപ്പിക്കുന്നു.
- വായനശാല മെമ്പർഷിപ്പ് എടുക്കുന്നു, വായിച്ച കഥകൾ മറ്റ് രീതിയിൽ അവതരിപ്പി - ക്കാനുള്ള അവസരം ഒരുക്കൽ
- മധുരം മലയാളം
- ഡയറി എഴുത്ത്
- കാവ്യോത്സവം
- റീഡേർസ് തിയേറ്റർ
- പതിപ്പ് നിർമ്മാണം

## ENGLISH

- എല്ലാ കുട്ടികൾക്കും ഇംഗ്ലീഷ് എഴുതാനും വായിക്കാനും കഴിയണം
- സ്വന്തമായി ലഘു വാക്യങ്ങൾ എഴുതാനും ചിത്രീകരിക്കാനും
- ചിത്രത്തെ ആസ്പദമാക്കി കഥകൾ എഴുതാൻ
- സ്വന്തം ആശയങ്ങൾ മറ്റുള്ളവരോട് ഇംഗ്ലീഷ് ഭാഷയിൽ പങ്കുവെക്കാൻ

## പ്രവർത്തനങ്ങൾ

- റീഡിംഗ് കാർഡ് നിർമ്മാണം
- Read small books
- Picture reading
- Play games for communication
- Skit
- Riddle making
- Story from pictures
- Making magazine.

## ഗണിതം

- ഗണിതത്തിൽ താൽപര്യം ഉണ്ടാക്കൽ
- നാലക്ക സംഖ്യകളുടെ സംഖ്യാബോധം
- ചതുഷ്ക്രിയകൾ ഉറപ്പിക്കൽ

## പ്രവർത്തനങ്ങൾ

- അബാക്കസ്, അരവിന്ദ ഗുപ്ത സ്ട്രിപ്പ്, സ്ഥാനവില പോക്കറ്റ് തുടങ്ങിയവ ഉപയോഗിച്ച് സംഖ്യകൾ ഉറപ്പിക്കുന്നു.
- ഗണിതകിറ്റിലെ ഉപകരണങ്ങൾ ഉപയോഗിച്ച് ചതുഷ്ക്രിയകൾ ചെയ്യാനുള്ള അവസരം ഒരുക്കുന്നു.

## പരിസര പഠനം

- ശാസ്ത്ര ബോധം വളർത്തുക
- ഫീൽഡ് ട്രിപ്പ്
- പൂന്തോട്ട നിർമ്മാണം

## പ്രവർത്തനങ്ങൾ

- പരീക്ഷണശാല ശിൽപശാല
- പരീക്ഷണക്കുറിപ്പ് തയ്യാറാക്കൽ
- ശാസ്ത്ര ക്യാമ്പ്
- ഫീൽഡ് ട്രിപ്പ് നടത്തി നിരീക്ഷിച്ച് നിഗമനങ്ങൾ രൂപീകരിക്കൽ

# അക്കാദമിക മാസ്റ്റർ പ്ലാൻ അറബിക്

## ലക്ഷ്യങ്ങൾ

- പിന്നോക്കം നിൽക്കുന്ന കുട്ടികളെ പരിപോഷിപ്പിക്കുക
- എല്ലാ കുട്ടികളെയും മികച്ച വായനക്കാരാക്കുക
- ആശയവിനിമയശേഷി വർധിപ്പിക്കൽ
- പദസമ്പത്ത് വർദ്ധിപ്പിക്കൽ
- പൊതു വിജ്ഞാനം വർദ്ധിപ്പിക്കൽ
- അക്ഷരങ്ങളുടെ സാമ്യവ്യത്യാസം തിരിച്ചറിയൽ
- സർഗാത്മക രചനകൾ നടത്താനുള്ള കഴിവുകൾ വളർത്തുക (കുറിപ്പുകൾ കഥകൾ, കവിതകൾ, വിവരണങ്ങൾ എന്നിവ തയ്യാറാക്കൽ)
- പഠനപ്രവർത്തനത്തെ സമൂഹത്തിന്റെ ഭാഗമാക്കൽ
- ദിനാചരണങ്ങൾ
- അറബിക് അസംബ്ലി
- ആസ്വാദന ലോകം

## പ്രവർത്തനങ്ങൾ

- അറബിക് മധുരം ക്ലാസ് (പിന്നോക്കക്കാർക്ക്)
- വായനാ കാർഡുകൾ, ചെറുപുസ്തകങ്ങൾ എന്നിവ ശേഖരിക്കൽ
- walk with arabic
- വളരുന്ന നിഘണ്ടു
- ഒരക്ഷരം ഒരുപാട് പദങ്ങൾ
- ക്ലാസ് ശാക്തീകരണം
- മഹാന്മാരെ അറിയൽ
- പതിപ്പ് നിർമ്മാണം
- മാസത്തിലൊരിക്കൽ ആസ്വാദനസഭ ചേരൽ
- ഒരു ദിവസം ഒരറിവ്
- ഒരു ദിവസം ഒരു വാക്ക് പരിചയപ്പെടൽ